# ജൂൺ 5
# ലോക പരിസര ദിനം

#KrithiAtPrakrithi
#WED2024IRTC

നമ്മുടെ ഭൂമി
Our Land

നമ്മുടെ ഭാവി
Our Future

നമ്മൾ പുനഃസ്ഥാപനത്തിനുള്ള തലമുറ
We are Generation Restoration



പോസ്റ്റർ രചന | ഫോട്ടോഗ്രഫി | റീൽസ്

# കൃതി @ പ്രകൃതി

**ലോക പരിസര ദിനത്തോടനുബന്ധിച്ച്**
**സ്കൂൾ വിദ്യാർത്ഥികൾക്കായി ഓൺലൈൻ മത്സരങ്ങൾ**
**2024 ജൂൺ 5 മുതൽ 20 വരെ**

IRTC ഹരിത സഹായ സ്ഥാപനം | LSGD | മാലിന്യമുക്തം നവകേരളം | ലൂക്ക | science kerala | കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

**ജൂൺ 5**
**ലോക പരിസര ദിനം**

# കൃതി@പ്രകൃതി

WORLD ENVIRONMENT DAY

**ലോക പരിസര ദിനത്തോടനുബന്ധിച്ച്**
**സ്കൂൾ വിദ്യാർത്ഥികൾക്കായി**
**ഓൺലൈൻ മത്സരങ്ങൾ**
**2024 ജൂൺ 5 മുതൽ 20 വരെ**

ബഹു. ഹെഡ്മിസ്ട്രസ് / ഹെഡ്മാസ്റ്റർ / പ്രിൻസിപ്പാൾ,

നമ്മുടെ കുട്ടികളിൽ പാരിസ്ഥിതികാവബോധം വളർത്തുന്നതിന് പരിസരദിനാചരണം വലിയ പങ്കുവഹിക്കുന്നുണ്ടല്ലോ. ഓരോ വർഷവും നമ്മുടെ ഭൂമി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിലേക്കും പ്രതിസന്ധികളിലേക്കും ശ്രദ്ധ ക്ഷണിക്കാൻ ദിനാചരണത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ വർഷത്തെ പരിസര ദിന മുദ്രാവാക്യം *"നമ്മുടെ ഭൂമി, നമ്മുടെ ഭാവി - നമ്മൾ പുനഃസ്ഥാപനത്തിനുള്ള തലമുറ (Our Land Our Future. We are Generation Restroration)"* എന്നാണ്.

പരിസരദിനം സമുചിതം ആചരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ഹരിത സഹായ സ്ഥാപനമായ ഐ.ആർ.ടി.സി-യും കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ സയൻസ് പോർട്ടലായ ലൂക്കയും ചേർന്ന് തെരഞ്ഞെടുക്കപ്പെട്ട 200 തദ്ദേശ സ്ഥാപനങ്ങളിൽ **കൃതി@പ്രകൃതി** എന്ന പേരിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി വേറിട്ടൊരു പരിസരദിന പരിപാടി സംഘടിപ്പിക്കുന്നു.

ഒരു ഹരിത ഭാവി സ്വപ്നം കാണാൻ കുട്ടികളെ പ്രചോദിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് എൽ.പി. വിഭാഗം മുതൽ ഹയർ സെക്കന്ററി വിഭാഗം വരെയുള്ളവർക്കായി **കൃതി@പ്രകൃതി** എന്ന പേരിൽ **പോസ്റ്റർ രചന, ഫോട്ടോഗ്രഫി, ഷോർട്ട് വീഡിയോ/റീൽസ് നിർമ്മാണം** എന്നിവയുടെ ഓൺലൈൻ മത്സരം സംഘടിപ്പിക്കുന്നത്.

ഈ മത്സരത്തിൽ പങ്കാളികളാകാൻ കുട്ടികൾക്ക് നിർദ്ദേശം നൽകുമല്ലോ. കുട്ടികളെ സഹായിക്കാനും മോണിറ്റർ ചെയ്യാനും ഒരു അധ്യാപികയെ / അധ്യാപകനെ ചുമതലപ്പെടുത്തിയാൽ നന്നായിരിക്കും എന്നു കരുതുന്നു. എല്ലാവിധ സഹായങ്ങളും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

സ്നേഹാദരങ്ങളോടെ

കോർഡിനേറ്റർ
IRTC - ഹരിത സഹായ സ്ഥാപനം




#KrithiAtPrakrithi
#WED2024IRTC

# പരിസ്ഥിതി ദിന
# ഓൺലൈൻ മത്സരങ്ങൾ



## പോസ്റ്റർ രചന

എൽ.പി. വിഭാഗം കുട്ടികൾക്കാണ് ഈ മത്സരം. 1973 മുതലാണ് ഐക്യരാഷ്ട്ര സംഘടന പരിസ്ഥിതിദിനം ആചരിക്കാൻ ആഹ്വാനം ചെയ്തത്. ഓരോ വർഷവും ഒരു മുദ്രാവാക്യം (Slogan) പ്രഖ്യാപിക്കും. ഇക്കാലയളവിൽ പ്രഖ്യാപിച്ച ഏത് മുദ്രാവാക്യവും പോസ്റ്ററിന് പ്രമേയമാക്കാം. ഡിജിറ്റലായോ, കടലാസിലോ പോസ്റ്റർ തയ്യാറാക്കാം.



## മൊബൈൽ ഫോട്ടോഗ്രഫി

യു.പി.വിഭാഗം മുതൽ ഹയർ സെക്കന്ററി വരെയുള്ള വിദ്യാർത്ഥികൾക്ക് ഈ മത്സരത്തിൽ പങ്കെടുക്കാം. **മൺസൂൺ** ദൃശ്യങ്ങളാണ് പകർത്തേണ്ടത്.



## ഷോർട്ട് വീഡിയോ/റീൽസ്

യു.പി. വിഭാഗം മുതൽ ഹയർ സെക്കന്ററി വരെയുള്ള വിദ്യാർത്ഥികൾക്ക് ഈ മത്സരം. **ഹരിതകർമ്മസേനയോടൊപ്പം** എന്നതാണ് പ്രമേയം. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ, അതിലൂടെ ഉണ്ടായ നേട്ടങ്ങൾ, സമൂഹത്തിന് ഉണ്ടായ മാറ്റങ്ങൾ, ഹരിത കർമ്മ സേനയോടുള്ള ജനങ്ങളുടെ മനോഭാവം ഒക്കെ വിഷയമാക്കാം.



## കൈനിറയെ സമ്മാനങ്ങൾ

- മത്സരിക്കുന്ന എല്ലാവർക്കും സർട്ടിഫിക്കറ്റ്.
- സമ്മാനാർഹമായ സൃഷ്ടികൾക്ക് സർട്ടിഫിക്കറ്റും സമ്മാനങ്ങളും നൽകും.
- **എൽ.പി വിഭാഗം:**

  ഒന്നാം സമ്മാനം - 3000 രൂപയുടെ ശാസ്ത്ര പുസ്തകങ്ങൾ
  രണ്ടാം സമ്മാനം - 2000 രൂപയുടെ ശാസ്ത്ര പുസ്തകങ്ങൾ
  മൂന്നാം സമ്മാനം - 1000 രൂപയുടെ ശാസ്ത്ര പുസ്തകങ്ങൾ
- **ഓരോ മത്സര ഇനങ്ങൾക്കും യു.പി., ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗങ്ങൾക്ക് പ്രത്യേകം സമ്മാനങ്ങൾ ഉണ്ടായിരിക്കും**

  ഒന്നാം സമ്മാനം - 5000 രൂപയുടെ ശാസ്ത്ര പുസ്തകങ്ങൾ
  രണ്ടാം സമ്മാനം - 3000 രൂപയുടെ ശാസ്ത്ര പുസ്തകങ്ങൾ
  മൂന്നാം സമ്മാനം - 1000 രൂപയുടെ ശാസ്ത്ര പുസ്തകങ്ങൾ
- **ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുക്കുന്ന സ്കൂളിന് 10,000 രൂപയുടെ ശാസ്ത്ര പുസ്തകം സമ്മാനമായി നൽകുന്നു**

## മത്സരങ്ങളിൽ പങ്കെടുക്കാൻ



മത്സരത്തിൽ രജിസ്റ്റർ ചെയ്യാനും വിശദവിവരങ്ങൾക്കും ലൂക്ക സയൻസ് പോർട്ടലിന്റെ ക്വിസ് ലൂക്ക പേജ് സന്ദർശിക്കുക

www.quiz.luca.co.in

ജൂൺ 5 മുതൽ 20 മുതലുള്ള കാലയളവിനുള്ളിൽ സൃഷ്ടികൾ തയ്യാറാക്കി പോർട്ടലിൽ അപ്ലോഡ് ചെയ്യണം. സമൂഹ മാധ്യമങ്ങളിൽ പങ്കിടുമ്പോൾ *#KrithiAtPrakrithi , #WED2024IRTC എന്നീ ടാഗുകൾ ഉപയോഗിക്കാം*



## പരിസ്ഥിതി ദിനം - ലൂക്ക ടൂൾകിറ്റ്

പരിസര ദിനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ഒരു പോസ്റ്റർ സ്കൂളുകളിൽ പ്രദർശിപ്പിക്കാൻ തയ്യാറാക്കിയിട്ടുണ്ട്. പോസ്റ്ററിൽ പരിസ്ഥിതിയെ സംബന്ധിച്ച് അവബോധം പകർന്നു നൽകാൻ ഒരു ടൂൾകിറ്റും സജ്ജീകരിച്ചിട്ടുണ്ട്. ക്യൂ ആർ കോഡ് സ്കാൻ ചെയ്താൽ ടൂൾകിറ്റിലെ പ്രഭാഷണങ്ങൾ, ക്വിസ് മത്സരചോദ്യങ്ങൾ, ഷോർട്ട് ഫിലിമുകൾ തുടങ്ങിയവ സ്കൂളിൽ മത്സരത്തിനും പ്രദർശനത്തിനുമായി ഉപയോഗിക്കാം.




ജൂലൈ മാസം ഗ്രാമ പഞ്ചായത്ത്, നഗരസഭാതലത്തിൽ കുട്ടികളുടെ ഈ സൃഷ്ടികൾ പ്രദർശിപ്പിക്കുന്ന **ഫെസ്റ്റ്@പ്രകൃതി** സംഘടിപ്പിക്കും. മത്സരത്തിൽ പങ്കെടുത്ത മുഴുവൻ കുട്ടികളും അവർ തയ്യാറാക്കിയ പോസ്റ്റർ/ ഫോട്ടോഗ്രഫി /വീഡിയോ എന്നിവയുമായി പ്രദർശനത്തിന് എത്തണം. ഇവയുടെ പ്രദർശനത്തോടൊപ്പം ഗ്രാമ പഞ്ചായത്ത് / നഗരസഭ തലത്തിൽ മികച്ച സൃഷ്ടികൾക്ക് സമ്മാനവും നൽകും. പ്രദർശനത്തെ ആസ്പദമാക്കി ഓപ്പൺ ഫോറം, ടോക് ഷോ എന്നിവയും സംഘടിപ്പിക്കും.

IRTC ഹരിത സഹായ സ്ഥാപനം · LSGD · മാലിന്യമുക്തം നവകേരളം · ലൂക്ക സയൻസ് പോർട്ടൽ · science kerala · കേരള ശാസ്ത്രസാഹിത്യ പരിഷത്ത്